II.ഇ.ബി. XII-കേരള നിയമസഭ/XI-4

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2009 ജൂൺ 25, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

12 (*91) സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി) നൽകിയ മറുപടിയിൽ, സ്കൂളുകളിൽ കൂടുതൽ മെച്ചപ്പെട്ടതും ഉയർന്ന ഗുണനിലവാരമുള്ളതുമായ ഉച്ചഭക്ഷണം നൽകുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി നൂറ് കേന്ദ്രീകൃത അടുക്കളകൾ സ്ഥാപിക്കുന്ന കാര്യം ആലോചിച്ചുവരുന്നതായി സഭയെ അറിയിച്ചു. ഉച്ചഭക്ഷണം വിഭവ സമൃദ്ധമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഉച്ചഭക്ഷണ പരിപാടിക്കായി 2008-2009-ൽ സംസ്ഥാന പദ്ധതി വിഹിതം 143.41 കോടി രൂപയായിരുന്നു. ഇതിൽ കേന്ദ്ര വിഹിതം 112 കോടി രൂപയാണ്. ആകെ 114.97 കോടി രൂപ ചെലവായിട്ടുണ്ട്. ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനായി ഒന്നുമുതൽ അഞ്ചുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് കേന്ദ്രസർക്കാർ 1.50 രൂപ നിരക്കിലും 6 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് രണ്ടുരൂപ നിരക്കിലും സംസ്ഥാന സർക്കാർ 50 പൈസ നിരക്കിലുമാണ്

നൽകുന്നത്. കേന്ദ്ര ഗവൺമെന്റ് ഉച്ചഭക്ഷണ പദ്ധതിക്ക് അനുവദിച്ച തുക മുഴുവനും ചെലവഴിക്കാത്തതുസംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള വിമർശനത്തിന്റെ നിജസ്ഥിതി പരിശോധിച്ച് കർശന നടപടി സ്വീകരിക്കുന്നതാണ്. വളരെ മാതൃകാപരമായിട്ടാണ് വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കുന്നത്. കേരളത്തിലെ ഓരോ മണ്ഡലത്തിലേയും എം.എൽ.എ മാർ അവിടുത്തെ പ്രാദേശിക തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വവുമായി സഹകരിച്ചുകൊണ്ട് ലോക്സഭാ മെമ്പർമാരുടേയും രാജ്യസഭാ മെമ്പർമാരുടേയും എം.പി. ഫണ്ടിന്റെ സഹായം തേടിക്കൊണ്ട് മാതൃകാപരമായി ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ട്. അതിനുപുറമെ സംസ്ഥാനതലത്തിൽ ഇതിനൊരു നിധി രൂപീകരിക്കാൻ കഴിയുമോ എന്നുള്ളത് ആലോചിക്കുന്നതാണ്. 'വീട്ടിലെ ഭക്ഷണം സ്കൂളിലും' എന്ന പേരിൽ മലപ്പുറം ജില്ലയിലെ മഞ്ചേരി ഗവൺമെന്റ് എൽ.പി. സ്കൂളിലും 'നല്ല ഭക്ഷണം മികച്ച ശിക്ഷണം' എന്നപേരിൽ തിരൂരിലും മാതൃകാപരമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ട്. കൃഷിവകുപ്പുമായി ബന്ധപ്പെട്ട് എല്ലാ സ്കൂളുകളിലും പച്ചക്കറിത്തോട്ടമുണ്ടാക്കിയും കുട്ടികൾക്ക് പച്ചക്കറി തൈകൾ വിതരണം ചെയ്തും കൃഷിയിലേയ്ക്ക് സമൂഹത്തെ തിരിച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. ത്രിതലപഞ്ചായത്തുകളുമായി സഹകരിച്ചുകൊണ്ട് എം.എൽ.എ.മാർ ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പാക്കാൻ ശ്രമിക്കേണ്ടതാണ്. ഉച്ചഭക്ഷണത്തിനാവശ്യമായ അരിയും പാചക ചെലവിനുള്ള പണവുമാണ് കേന്ദ്രസർക്കാർ പ്രധാനമായും നൽകുന്നത്. അതോടൊപ്പം കേരളത്തിന്റെ വിഹിതമായി പയറും ആഴ്ചയിലൊരുദിവസം

കോഴിമുട്ടയും വിതരണം ചെയ്യുന്നു. കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടിയുള്ള ഉച്ചഭക്ഷണ പദ്ധതി നേരത്തേ 8-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്കാണ് നൽകിയിരുന്നത് അത് ഇപ്പോൾ 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്കുകൂടി വ്യാപിപ്പിക്കുന്ന കാര്യം ഗൗരവമായി ആലോചിക്കുകയാണ്. ഉച്ചഭക്ഷണ പദ്ധതിയുടെ പ്രയോജനം ഉപയോഗപ്പെടുത്താൻ താല്പര്യമുള്ള കുട്ടികളുടെ എണ്ണം വർഷാരംഭത്തിൽ ആറാമത്തെ പ്രവൃത്തിദിവസം തന്നെ കണക്കാക്കി അതിൽ ആക്ഷേപമുണ്ടെങ്കിൽ വീണ്ടും പരിശോധിച്ചാണ് യഥാസമയം കേന്ദ്രഗവൺമെന്റിന് ലിസ്റ്റ് അയച്ചുകൊടുക്കുന്നത്. അങ്ങനെ ലിസ്റ്റ് അയച്ചുകൊടുക്കുന്നതിൽ എന്തെങ്കിലും കാലതാമസം വന്നിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതാണ്. ആദ്യത്തെ ക്വാർട്ടറിൽത്തന്നെ ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കുന്നതിന് ചെലവിടേണ്ട തുകയുടെ 25% അഡ്വാൻസായി സ്കൂളുകൾക്ക് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തുക വിതരണം ചെയ്യുന്നതിൽ വരുന്ന സാങ്കേതികമായ കാലതാമസം ഒഴിവാക്കുന്നതിനും ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിനും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിയുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഓരോ കുട്ടിക്കും പച്ചക്കറി വിത്തും വളവും നൽകി അവരുടെ വീട്ടിൽ വിളയുന്ന പച്ചക്കറികൊണ്ട് സ്കൂളിൽ നല്ല ഭക്ഷണം തയ്യാറാക്കുന്ന രീതി ഇന്ന് ഒട്ടേറെ സ്കൂളുകളിൽ പ്രാവർത്തികമാക്കുന്നുണ്ട്. ത്രിതല പഞ്ചായത്തുകളുടേയും കൃഷിവകുപ്പിന്റെയും സഹായത്തോടെ ഇതെങ്ങനെ കൂടുതൽ വ്യാപിപ്പിക്കാൻ കഴിയുമെന്നുള്ളത് പരിശോധിക്കുന്നതാണ്. ഉച്ചഭക്ഷണ പദ്ധതിക്കുള്ള അരി മറിച്ചുവിറ്റുവെന്ന ആക്ഷേപം വിദ്യാഭ്യാസ വകുപ്പിന്റെ

പരിഗണനയിൽ വന്നിട്ടില്ല. അതുസംബന്ധിച്ച് സി.ആൻഡ്.എ.ജി. റിപ്പോർട്ടിലുള്ളത് പരിശോധിക്കുന്നതാണെന്ന് സഭയെ മന്ത്രി അറിയിച്ചു. വിദ്യാഭ്യാസ വകുപ്പിന്റെ കണക്കനുസരിച്ച് ഉച്ചഭക്ഷണത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും കിട്ടുന്ന ഭക്ഷ്യധാന്യം സൂക്ഷിച്ചുവച്ച് വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശപ്രകാരം അത് റിലീസ് ചെയ്യുകയാണ് സിവിൽസപ്ലൈസ് കോർപ്പറേഷൻ ചെയ്യുന്നതെന്നും സി.ആൻഡ് എ.ജി.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതിൽ എന്തെങ്കിലും അപാകതയുണ്ടോയെന്ന് ഗൗരവമായി അന്വേഷണം നടത്തുന്നതാണെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി അറിയിച്ചു. തിരുവനന്തപുരം കോർപ്പറേഷൻ അതിന്റെ പരിധിയിലുള്ള സർക്കാർ സ്കൂളുകളിലും തീരദേശത്തെ എയ്ഡഡ് സ്കൂളുകളിലും ഈ വർഷം മുതൽ പ്രഭാത ഭക്ഷണ പരിപാടി നടപ്പാക്കിയിട്ടുണ്ട്. വയനാട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ 277 സ്കൂളുകളിലെ 26381 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകിവരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി സ്കൂളുകളിൽ പ്രഭാതഭക്ഷണ പരിപാടി നടപ്പാക്കുന്നതിന് ശ്രമിക്കുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പാചകത്തൊഴിലാളികളുടെ വേതനം 50 രൂപയിൽ നിന്നും 100 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 500 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിൽ രണ്ട് പാചകത്തൊഴിലാളികളെ നിയമിക്കാൻ പി.ടി.എ.ക്ക് അധികാരമുണ്ട്. കേരളത്തിലാകെ 11,200 പാചകത്തൊഴിലാളികളാണുള്ളത്. പാചകത്തൊഴിലാളികളുടെ വേതനവർദ്ധനവിന്റെ ആവശ്യകത കേന്ദ്ര മാനവശേഷി വികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

പാചകത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നകാര്യം തൊഴിൽ വകുപ്പുമന്ത്രിയുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്. കുട്ടികൾക്ക് കൂടുതൽ ഗുണമേന്മയുള്ള ഭക്ഷണം ലഭ്യമാക്കുന്നതിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഒരു പഞ്ചായത്തിലെതന്നെ അടുത്തടുത്തുള്ള രണ്ടുമൂന്ന് സ്കൂളുകൾ ചേർന്ന് ഒരു പൊതു അടുക്കള ഉണ്ടാക്കാൻ കഴിയുമോയെന്നുള്ളത് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ഇപ്പോഴുള്ള പാചകത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന രീതിയിലുള്ള തീരുമാനമുണ്ടാകില്ല. പാചകത്തൊഴിലാളികൾക്ക് പ്രായാധിക്യംമൂലം ജോലി ചെയ്യാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ അവരുടെ കുടുംബത്തിലെ മറ്റാരെയെങ്കിലും ഇതിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്. ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിയുമായും കേന്ദ്ര ഗവൺമെന്റുമായും ബന്ധപ്പെട്ട് ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനാവശ്യമായ ഇന്ധനം ലഭ്യമാക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

13 (*92) <u>ദേശീയപാത വികസന പദ്ധതികൾ</u>

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) നൽകിയ മറുപടിയിൽ, ദേശീയപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എൻ.എച്ച്. 47-ഉം, എൻ.എച്ച് 17-ഉം നാലുവരി/ആറുവരി പാതയാക്കി മാറ്റുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ദേശീയപാത വികസന പദ്ധതിയ്ക്കായി സ്ഥലമെടുപ്പുൾപ്പെടെ 11289 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. സ്ഥലമെടുപ്പ് പുരോഗമിക്കുന്നതനുസരിച്ച് ചെലവിൽ വർദ്ധന വരുവാൻ സാധ്യതയുണ്ട്. പദ്ധതി നടപ്പാക്കുന്നതിനായി

സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് ഒപ്പിട്ടിട്ടുണ്ട്. ഇതുപ്രകാരം ബി.ഒ.ടി അടിസ്ഥാനത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് ദേശീയപാത വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ദേശീയപാത വികസനത്തിന് സ്ഥലമെടുപ്പ് ത്വരിതപ്പെടു ത്തുവാനുള്ള നടപടിയുടെ ഭാഗമായി 16 ലാന്റ് അക്വിസിഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി 6-6-09-ലെ ഉത്തരവുപ്രകാരം അനുമതി നൽകിയി ട്ടുണ്ട്. പണി നിശ്ചിത സമയത്ത് പൂർത്തിയാക്കുന്നതിനായി സംസ്ഥാന സർക്കാർ ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുക; പ്രവൃത്തിക്ക് ആവശ്യമായസ്ഥലം, വൈദ്യുതി, വാർത്താവിനിമയം, വാട്ടർ സപ്ലൈ തുടങ്ങിയ തടസ്സങ്ങളൊന്നുമില്ലാതെ ലഭ്യമാക്കുക; പദ്ധതിക്കാവശ്യമായ സ്ഥലത്തിന്റെ 80 ശതമാനമെങ്കിലും ബാധ്യതകളൊന്നുമില്ലാതെ ലഭ്യമാക്കുക;. എഗ്രിമെന്റ് പ്രകാരം പ്രവൃത്തി നടപ്പാക്കുന്നതിന് മുനിസിപ്പാലിറ്റികളിൽ നിന്നും പഞ്ചായത്തുകളിൽ നിന്നും ആവശ്യമായ അനുമതി നിശ്ചിത സമയ ത്തിനകം ലഭ്യമാക്കുക; നിശ്ചിത റോഡിന് സമാന്തരമായി നികുതി പിരിക്കു വാൻ സാധ്യതയുള്ള മറ്റു റോഡുകൾ പണിയുന്നപക്ഷം തൻമൂലമുണ്ടായേ ക്കാവുന്ന നഷ്ടം വ്യവസ്ഥാനുസൃതമായി സംസ്ഥാന സർക്കാർ നൽകുക എന്നിവയാണ് ദേശീയപാത വികസനവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാ രിന്റെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ. പോർട്ട് കണക്റ്റിവിറ്റിയിലുൾപ്പെട്ട പദ്ധതി കൾ ഒഴികെ എല്ലാ പദ്ധതികളും സ്വകാര്യ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്. നാഷണൽ ഹൈവേയ്ക്ക് 60 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുക്കാനാണ് കേന്ദ്ര ഗവൺമെന്റ് ശുപാർശ ചെയ്തിരുന്നതെങ്കിലും കേരളത്തിന്റെ പ്രത്യേക സാഹചര്യവും ഭൂവിസ്തൃതിയുടെ അപര്യാപ്തതയും കണക്കിലെടുത്ത് 45 മീറ്റർ എന്നാക്കി

നിജപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികളുമായി മുന്നോട്ടുപോവുകയാണ്. ദേശീയ പാതയുടെ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തിയ ലാൻഡ് അക്വിസിഷൻ ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് കിട്ടിയാൽ സർവ്വകക്ഷിയോഗം വിളിച്ച് ചർച്ച ചെയ്ത് തീരുമാനിക്കുന്നതുമാണ്. ഡിസംബർ 31-നുമുമ്പ് പരമാവധി ഭൂമി ഏറ്റെടുക്കാനുള്ള ലാൻഡ് അക്വിസിഷൻ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി 16 ലാൻഡ് അക്വിസിഷൻ ഓഫീസുകൾ ആരംഭിക്കുകയും 322 തസ്തികകൾക്ക് മന്ത്രിസഭായോഗം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ മാർച്ച്-ഏപ്രിൽ മാസങ്ങളിലായി 102 കോടി രൂപയുടെ റോഡുകളുടെ അറ്റകുറ്റപ്പണിക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇതുവരെ കേന്ദ്രാനുമതി ലഭിച്ചിട്ടില്ല. കേരളത്തിലെ പ്രത്യേക സാഹചര്യവും കാലാവസ്ഥയും കണക്കിലെടുത്ത് റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന 50,000 രൂപ വർദ്ധിപ്പിക്കുന്നതിനായി ശ്രമം നടത്തുന്നതാണ്. ഇപ്പോൾ ഇന്ത്യയിൽ സ്ഥാപിക്കുന്ന 10,000 കിലോമീറ്റർ നാഷണൽ എക്സ്പ്രസ് വേ നെറ്റ് വർക്കിൽ കേരളത്തെ ഉൾപ്പെടുത്തണമെന്ന് സംസ്ഥാനസർക്കാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതിനുള്ള സാധ്യതാ പഠനത്തിനായി ക്രാഫ്റ്റ് കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തൃപ്പൂണിത്തുറ, കുണ്ടന്നൂർ ഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ ബൈപ്പാസ്സുകളുടെ അലൈൻമെന്റുകളിൽ വന്നിട്ടുള്ള പ്രൊപ്പോസലുകളുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുടെ യോഗം വിളിച്ചുചേർത്ത് പരിശോധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്. എൻ.എച്ച്.എ.ഐ. തയ്യാറാക്കിയ അലൈൻമെന്റിന്റെ

ഡീറ്റെയിൽഡ് കോപ്പി പരിശോധിച്ചതിനുശേഷം ആറ്റിങ്ങൽ ബൈപ്പാസിന്റെ കാര്യത്തിൽ ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്. കേന്ദ്രാനുമതി ലഭിക്കാത്ത ചേർത്തല മുതൽ അരൂർ വരെയുള്ള ഭാഗത്തെ റോഡുകളുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത് വർക്ക് അറേഞ്ചുചെയ്ത് മുന്നോട്ടുപോകാനുള്ള ശ്രമമാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. ഈ ഭാഗത്തെ ബ്യൂട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പ്രൊപ്പോസൽ ടെണ്ടർ ചെയ്ത് നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അങ്കമാലി, തൃശ്ശൂർ ഭാഗത്തെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ യോഗംചേർന്ന് നടപടികൾ സ്വീകരിക്കുകയും 10 കിലോമീറ്റർ വരുന്ന കറുകുറ്റി-അങ്കമാലി റോഡിനുള്ള ഭൂമി ഏറ്റെടുക്കൽ ജൂലൈ 31-നുമുമ്പ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഭൂമി എത്രയും വേഗം ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ചാലക്കുടി ഫ്ളൈ ഓവർ ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ വന്നാൽ അത് യാത്രക്കാർക്ക് ബുദ്ധിമുട്ടാകുമെന്നതിനാൽ അവിടെ ഒരു സിഗ്നൽ സിസ്റ്റം സ്ഥാപിക്കുന്നതിന് അനുയോജ്യമായ തീരുമാനം എടുക്കുന്നതാണ്. വെങ്ങളം-പൊന്നാനി തീരദേശ പാതയുടെ പദ്ധതിയുടെ പുതിയ അലൈൻമെന്റും പുതിയ പ്രോജക്ട് റിപ്പോർട്ടും സമർപ്പിക്കുന്നതിനായി റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ-മംഗലാപുരം ദേശീയപാത 17-ന്റെ റീച്ച് എൻ.എച്ച്.എ.ഐ.യുടെ പ്രോജക്ടിൽപ്പെടുത്തി അംഗീകരിച്ചിട്ടുണ്ട്. അതിന്റെ ഡി.പി.ആർ.ന് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത റോഡിന്റെ പണി ആരംഭിക്കുന്നതാണ്. ദേശീയപാത 47-ലെ കരമന മുതൽ കളിയിക്കാവിളവരെയുള്ള റോഡിന്റെ ഡി.പി.ആർ.

രണ്ടുമാസത്തിനുള്ളിൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും നാറ്റ്പാക്കും ചേർന്ന് തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഇത് നടപ്പാക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നതുമാണ്. . പോളാടിക്കുന്ന്-മാലാപ്പറമ്പ്-വെങ്ങളം റോഡിൽ പ്രവൃത്തി ആരംഭിച്ചിട്ടുള്ള ഭാഗങ്ങൾ രണ്ടുവർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അങ്കമാലി ബൈപ്പാസിന്റെ പ്രോജക്ട് തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഇൻവെസ്റ്റിഗേഷനും സർവ്വേയ്ക്കുംവേണ്ടി ചുമതലപ്പെടുത്തുന്നതാണ്. മണ്ണുത്തി-അമലനഗർ ബൈപ്പാസ്സിന്റെ ഡി.പി.ആർ. ലഭിച്ചിട്ടുണ്ടെന്നും അതിന് ഭരണാനുമതി കൊടുക്കുന്നകാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണെന്നും ട്രാഫിക് ഡെൻസിറ്റിയുടെ അടിസ്ഥാനത്തിലാണ് മണ്ണുത്തി മുതൽ വടക്കാഞ്ചേരി വരെയുള്ള റീച്ച് ആറുവരി പാതയായി ക്രമീകരിച്ചിട്ടുള്ളതെന്നും ദേശീയ പാത 47-ഉം 17-ഉം കൂടാതെ പുതുതായി വിഭാവനം ചെയ്യുന്ന റോഡ് വികസന പദ്ധതികളിൽ 'two line with paved shoulder' എന്ന നിലയിലുള്ള പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

14 (*93) <u>നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) നൽകിയ മറുപടിയിൽ, നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഹെക്ടറിന് 1,500 രൂപ നിരക്കിൽ ധനസഹായം നല്കി 143000 ഹെക്ടറിൽ ഗ്രൂപ്പ് ഫാമിംഗ് പദ്ധതി നടപ്പാക്കുമെന്ന് സഭയെ അറിയിച്ചു. നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായം, നെൽകൃഷി വികസന പദ്ധതികൾ, തരിശുഭൂമി

കൃഷി മുതലായവ നടപ്പാക്കുന്നതിനായി 150 ലക്ഷം രൂപ നല്കുന്നുണ്ട്. നെൽകർഷകർക്ക് ഗ്രീൻ കാർഡ് പദ്ധതിക്കായി 5 ലക്ഷം രൂപ വിനിയോഗിക്കുകയും സംസ്ഥാന ഭക്ഷ്യ സുരക്ഷാ പരിപാടിയിൻകീഴിൽ 36 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഹെക്ടർ ഒന്നിന് 5000 രൂപ നിരക്കിൽ ധനസഹായം നൽകി 1000 ഹെക്ടറിൽ ഭക്ഷ്യ സുരക്ഷാ പരിപാടിയിൽ ഉൾപ്പെട്ട കരനെൽകൃഷി പദ്ധതി നടപ്പാക്കാൻ നടപടികൾ എടുത്തു. കേന്ദ്ര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 778.25 ലക്ഷം രൂപയുടെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. നെൽകർഷകർക്ക് ഉല്പാദന ബോണസ് നല്കുന്നതിന് 9.407 കോടി രൂപയും നെല്ലുൾപ്പെടെയുള്ള കാർഷിക വിളകൾക്ക് വൈദ്യുതി സൗജന്യം നൽകുന്നതിന് 22 കോടി രൂപയും ചെലവിട്ടിട്ടുണ്ട്. തരിശിട്ടിരുന്ന 13205 ഹെക്ടർ നെല്പാടങ്ങൾ കഴിഞ്ഞവർഷം വീണ്ടും കൃഷിയോഗ്യമാക്കുകയും 1.1832 ലക്ഷം ടൺ നെല്ല് അധികമായി ഉത്പാദിപ്പിക്കുകയും ചെയ്തു. 20,000 ഹെക്ടറിൽ അധികമായി നെൽകൃഷി ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. നെൽകർഷകർക്ക് ഗ്രൂപ്പ് ഫാമിംഗ് പദ്ധതിയിൽ ഹെക്ടറിന് 1500 രൂപയും തരിശ്ഭൂമി കൃഷി പദ്ധതിയിൽ ഹെക്ടറിന് 5000/- രൂപയും ചെറുകിട സംസ്ക്കരണ വിപണന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഹെക്ടറിന് 25000/- രൂപയും നല്കി വരുന്നു. പ്രദർശന തോട്ടങ്ങൾ സജ്ജമാക്കൽ, മികച്ച നെല്ലിനങ്ങളുടെ പ്രചാരണം എന്നിവയ്ക്കായി ഏക്കറിന് 2000/-

രൂപയും നൂതന സാങ്കേതിക വിദ്യകൾ നെൽകൃഷി മേഖലയിൽ അവലംബി ക്കുന്നതിന് ഏക്കറിന് 1200/- രൂപയും ഒറ്റ ഞാർ കൃഷിക്ക് ഹെക്ടറിന് 4000/- രൂപയും നല്കി വരുന്നു. കൂടാതെ കർഷകർക്ക് സംയോജിത കീടരോഗ നിയന്ത്രണത്തിന് പരിശീലനം നല്കുന്നതിന് പരിശീലനം ഒന്നിന് 17000/- രൂപയും സംയോജിത വളപ്രയോഗത്തിന് ഹെക്ടറിന് 750/- രൂപയും വിത്തുപരിചരണത്തിന് 52.5 ലക്ഷം രൂപയും നല്കിവരുന്നു. വിത്തുല്പാദന പദ്ധതിക്ക് ഹെക്ടറിന് 4000 രൂപയും, കിലോഗ്രാമിന് രണ്ടു രൂപ സബ്സിഡി നിരക്കിൽ അത്യുല്പാദന ശേഷിയുള്ള നെല്ലിനങ്ങൾ പാടശേഖരാടിസ്ഥാനത്തിൽ വിതരണം നടത്തുന്നതിനുമുള്ള സഹായം നല്കിവരുന്നു. പ്രദർശന തോട്ടങ്ങൾ സജ്ജമാക്കൽ, അത്യുല്പാദന ശേഷിയുള്ള നെൽവിത്തിനങ്ങൾ, സങ്കരയിനങ്ങൾ എന്നിവയ്ക്കായി ഏക്കറിന് 2000 രൂപയും സംയോജിത കീടനിയന്ത്രണത്തിന് 103 ലക്ഷം രൂപയും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 99.67 ലക്ഷം രൂപയും സമീപകാലത്ത് വികസിപ്പിച്ചെടുത്ത നെല്ലിനങ്ങളുടെ പ്രചാരണത്തിനായുള്ള പദ്ധതിക്കായി ഏക്കറിന് 2000 രൂപയും നല്കി വരുന്നു. ഇവ കൂടാതെ വിള ഇൻഷ്വറൻസ് പദ്ധതി, നെൽകർഷകർക്കുള്ള പലിശരഹിത വായ്പ, ഹെക്ടറിന് 350 രൂപ നിരക്കിൽ ഉല്പാദന ബോണസ്, പതിനൊന്നു രൂപ നിരക്കിൽ നെല്ലുസംഭരണം എന്നിവയും നടപ്പാക്കി വരുന്നു. ഇവയിൽ പലതും രാജ്യത്ത് ആദ്യമായി നടപ്പാക്കുന്ന പദ്ധതിക ളാണ്. ആലത്തൂർ മോഡേൺ റൈസ് മിൽ പൂർണ്ണതോതിൽ

പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 748 മുതൽ 1017 വരെയുള്ള ചോദ്യങ്ങളിൽ 90 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

..................